HON'BLE MR. A. THANU PILLAI : താഴെ പറയുന്ന അംഗങ്ങൾ സെലക്ററ് കമ്മറ്റിയിൽ ഉൾപ്പെടുന്നതാണ്.

1. Hon'ble Mr. A. Thanu Pillai.
2. Mr. D. Gnanasigamoni.
3. Mr. V. O. Markos.
4. Mr. T. K. Narayana Pillai.
5. Mr. T. A. Abdulla.
6. Mr. A. P. Udayabhanu

ഇതിന്റെ കോറം മൂന്നായിരിക്കുന്നതാണ്..

MR. PRESIDENT : സെലക്ററ് കമ്മറ്റിയിലേക്കുള്ള അംഗങ്ങളുടെ പേരുവിവരം ലിസ്റ്റും കോറം മൂന്ന് എന്നുള്ളതും സഭ അംഗീകരിച്ചതായി വിശ്വസിക്കുന്നു.

(സഭ അനുകൂലിച്ചു.)

THE TRAVANCORE FATAL ACCIDENTS AMENDMENT BILL.

MR. PRESIDENT : Travancore Fatal Accident (Amendments) Bill അവതരിപ്പിക്കുന്നതിന് പ്രൈം മിനിസ്റ്റർ മി. താണുപിള്ളയെ ക്ഷണിച്ചു കൊള്ളുന്നു.

HON'BLE MR. A. THANU PILLAI : സർ, നമ്മുടെ നിയമപ്രകാരം കോടതി മറ്റൊരാളിന്റെ കാരണം മൂലം മൂതി അടയുന്നതായിട്ട് ക്രിമിനലായിട്ടുള്ള കേസുകളിൽ അയാളെ ശിക്ഷിക്കുന്നതിനു നിയമമുണ്ടെങ്കിലും സിവിലായിട്ടുള്ള നഷ്ടപരിഹാരം സംബന്ധിച്ചിടത്തോളം നിയമം അപര്യാപ്തമായിട്ടാണിരിക്കുന്നത്. ഇതു സംബന്ധമായി ശരിയായ നിയമം ഗ്രേറ്റ് ബ്രിട്ടണിലും ഇൻഡ്യയിലും മാത്രമേ ഉണ്ടായിട്ടുള്ളൂ. അങ്ങനെയുള്ള കേസുകളിൽ അങ്ങനെ മൂതിയടഞ്ഞ ആളുകൾക്കു നഷ്ടപരിഹാരം ലഭിക്കുന്നതിനു തക്കവണ്ണം ഉള്ള വ്യവസ്ഥ ഉണ്ടാക്കുകയാണ് ഈ ബില്ലിന്റെ ഉദ്ദേശം.

ഈ ബിൽ സഭ അംഗീകരിക്കുകയും ഇതു് ഒരു സെലക്ററ് കമ്മറ്റിയിലേക്ക് അയയ്ക്കുന്നതിനോടു് സഭ യോജിക്കുകയും ചെയ്യണമെന്ന അഭ്യർത്ഥനയോടുകൂടി ഈ ബിൽ അവതരിപ്പിക്കുന്നു.

MR. PRESIDENT : ഈ ബിൽ സഭ അംഗീകരിക്കുകയും അതു ഒരു സെലക്ററ് കമ്മറ്റിയിലേക്കയക്കണമെന്നുള്ള അഭിപ്രായത്തോടു യോജിക്കുകയും ചെയ്യുമെന്നു വിശ്വസിക്കുന്നു.

(സഭ അനുകൂലിച്ചു.)

HON'BLE MR. A. THANU PILLAI : താഴെ പറയുന്ന അംഗങ്ങൾ സെലക്ററ് കമ്മറ്റിയിൽ ഉൾപ്പെടുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

1. Hon'ble Mr. A. Thanu Pillai.
2. Mr. K. P. Nilakanta Pillai.
3. Mr. E. John Philipose.
4. Mr. A. Nesamony.
5. Mr. P. K. Kunju.
6. Mr. T. T. Kesavan Sastri.
7. Mr. K. N. Sankunni Pillai.
8. Mr. G. Nilakantan.
9. Mr. A. P. Udayabhanu.
10. Mr. R. Atchuthan.
11. Mr. N. V. Chacko.
12. Mr. K. A. Gangadhara Menon.
13. Miss Accamma Cherlyan.
14. Mr. K. Sivarama Pillai.
15. Mr. P. Chacko.

ഇതിന്റെ കോറം ആറായിരിക്കുന്നതാണ്.

MR. PRESIDENT : ഇതു സഭ സമ്മീകരിക്കുമെന്ന് വിശ്വസിക്കുന്നു.

(സഭ അനുക്രമിച്ചു.)

THE TRAVANCORE SAVINGS BANK BILL.

MR. PRESIDENT : The Travancore Savings Bank Bill അവതരിപ്പിക്കുന്നതിന് മി. താണുപിള്ളയെ ക്ഷണിച്ചുകൊള്ളുന്നു.

HON'BLE MR. A. THANU PILLAI : ഇപ്പോൾ തിരുവിതാംകൂറിൽ സേവിംഗ്സ് ബാങ്കിൽ നിക്ഷേപിച്ചിരിക്കുന്ന തുകകൾ തിരിച്ചുകൊടുക്കുന്നതിനുള്ള വ്യവസ്ഥകൾ Statutory അല്ല; Administrative ആണ്. അതനുസരിച്ചു ഡെപ്പോസിറ്റർ മരിച്ചുപോയാൽ അതിനശേഷം പണം അവകാശികൾക്കു കൊടുക്കുന്നതായാൽ, അയാൾ ശരിയായ അവകാശി അല്ല എന്നു പറഞ്ഞു പിന്നീടും അവകാശികൾ വരുന്നതിന് സൗകര്യമുള്ളതുകൊണ്ടു അയാൾ എളുപ്പം കൊടുക്കുന്നതിനു വൈഷമ്യങ്ങൾ നേരിടുന്നുണ്ട്. അതുകൊണ്ട് അങ്ങനെയുള്ള പണം കണ്ടുപിടിയ്ക്കുന്ന തുകയേ സംബന്ധിച്ചിടത്തോളം ഒരു കണ്ടുപിടുത്തകാലത്തിനുള്ളിൽ കൊടുത്തു തീർക്കുന്നതിനുള്ള നിയമസാധുത്വം വരുത്തുന്നതാണ് ഈ ബില്ലിന്റെ ഉദ്ദേശം. ഇതിൽ മൂവായിരം രൂപയ്ക്കുള്ള തുകമാത്രമേ വരുന്നുള്ളൂ. മറ്റു തുകകളെ സംബന്ധിച്ച് Succession certificate, probate, letters of administatrion ഇവയൊക്കെ ആവശ്യമുള്ളതു തന്നെയാണ്. മൂവായിരം രൂപയ്ക്കുതാഴെയുള്ള തുകകളാണ് മിക്ക ആളുകളും നിക്ഷേപിച്ചിരിക്കുന്നത്.

അതിലും ഒരു വ്യത്യാസമുണ്ട്. സിക്രട്ടറി തന്നെയായിരിക്കണം എന്നുണ്ട്. ഡിപ്പോസിറ്റർ അധികാരപ്പെടുത്തിയിട്ടുള്ള ആളിനു പണം

LIBRARY ARCHIVES Kerala Legislative Assembly